കേരള സർക്കാർ

നമ്പർ : LSGD/JD/MPM/7673/2024-H1

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: ivo2adlsgdmpm@gmail.com
ഫോൺ: 0483-2734838
തീയ്യതി: 05-10-2024

പ്രേഷകൻ:
ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ
ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി-02

സ്വീകർത്താവ്:
സെക്രട്ടറി
കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല- സിറ്റിസൺ അസിസ്റ്റൻറ്- ഉപജില്ലാ സ്അഥിരം അദാലത്ത് സമിതി-02- യോഗ തീരുമാനങ്ങൾ അയക്കുന്നത് സംബന്ധിച്ച്

സൂചന :- 03/10/2024 ന് ചേർന്ന ഉപജില്ലാ സമിതി-02 യോഗം

ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി- 02 3/10/2024 ന് ചേർന്ന സ്ഥിരം അദാലത്ത് യോഗത്തിൽ പരിഗണിച്ച അപേക്ഷകളിന്മേലുള്ള തീരുമാനങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതിനായി മിനുട്ട്സിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയക്കുന്നു.

വിശ്വസ്തതയോടെ

KHALID P K
INTERNAL VIGILANCE OFFICER

ഉള്ളടക്കം : മേൽ പ്രസ്താവിച്ചത്

പകർപ്പ് : സമിതി അംഗങ്ങൾക്ക്

## <u>സിറ്റിസൺ അസ്സിസ്റ്റൻറ്</u>
## <u>തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്</u>

(Refer GO No..916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal director)

(കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന്)

ഉപജില്ലാ അദാലത്ത് സിറ്റിംഗ് തിയ്യതി 3-10-24ന് 3.00 . പി എം.ന്

## മിനുട്സ്

ഹാജർ :

1. ശ്രീ..ഖാലിദ് പി.കെ. ഇൻറേണൽ വിജിലൻസ് ഓഫീസർ (കൺവീനർ)
2. ശ്രീമതി. റെനി എൽ.ജെ, ഡെപ്യൂട്ടി ടൌൺപ്ലാനർ, (അംഗം)
3. സെബാസ്റ്റ്യൻ, ജൂനിയർ സൂപ്രണ്ട്, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്
4. നിഷ, ക്ലാർക്ക്, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

**അദാലത്തിൽ പരിഗണിച്ച അപേക്ഷകളുടെ/പരാതികളുടെ വിവരം**

അദാലത്ത് സിറ്റിംഗ് ജില്ലാ ജോയിന്റ് ഡറക്ടർ ഓഫീസിൽ വെച്ച് 3.00 p.m. നടത്തി. പരാതിക്കാരെ ടെലഫോൺ വഴി കേട്ടു.

| No. | Doc. No: | Service Type | Local body | Applicant | Phone | Date of complaints |
|---|---|---|---|---|---|---|
| 1 | BPMPM 20955000069 | Building Permit | Kuttippuram | dhanya | 8891503816 | 11-09-24 |
| 2 | BPMPM 20955000070 | Building Permit | Kuttippuram | sasidharan | 8891503816 | 11-09-24 |
| 3 | BPMPM 20955000071 | Building Permit | Kuttippuram | mohamed rafi | 8891503816 | 12-09-24 |
| 4 | BPMPM 20955000072 | Building Permit | Kuttippuram | Husain | 9048433659 | 12-09-24 |

## തീരുമാനങ്ങൾ

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

പരാതി 1
ധന്യ W/o സുന്ദരൻ 9846727363

കുറ്റിപ്പുറം ഗ്രാമപ്പഞ്ചായത്ത് 13-ാം വാർഡിൽ താമസിക്കുന്ന ഈ sc കുടുംബത്തിന് pmgsy സ്കീമിൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് വഴി ലഭിച്ച വീടിന് കെട്ടിട നമ്പർ ലഭിക്കുന്നതിന് പല പ്രാവശ്യം പഞ്ചായത്ത് ഓഫീസിൽ കയറിയിറങ്ങിയിട്ടും വീട് നമ്പർ ലഭിച്ചില്ല എന്നാണ് പരാതി. പരാതിക്കരിയുടെ ഭർത്താവ് സുന്ദരനെ ടെലഫോൺ വഴി കേട്ടു. വീട് നിർമ്മിച്ച ഭൂമി തന്റെ പേരിലാണെങ്കിലും പി എം വൈ സ്കീമിൽ ഭാര്യയുടെ പേരിലാണ് വീട് അനുവദിച്ചത്. ആയത് കൊണ്ട് വീട് നമ്പറിന് അപേക്ഷ നൽകിയത് ഭാര്യയുടെ

പേരിലാണെന്നും ടി വിവരം കാണിച്ച് സ്ഥല ഉടമയുടെ പേരിൽ അപേക്ഷ സമർപ്പിക്കണമെന്ന് കാണിച്ച് പഞ്ചായത്തിൽന്നും ഫോൺ വഴി അറിയിപ്പ് ലഭിച്ചു എന്ന് പരാതിക്കാരൻ അറിയിച്ചു. കൊറോണ വ്യാപനത്തെ തുടർന്ന് അടച്ചിട്ട സമയമായതിനാൽ പിന്നീട് പഞ്ചായത്തിൽ പോകാൻ കഴിയാതെ പോയി എന്നും അവർ അറിയിച്ചു.

അദാലത്തിൽ സെക്രട്ടറിക്ക് വേണ്ടി ജൂനിയർ സൂപ്രണ്ടും സെക്ഷൻ ക്ലാർക്കും പങ്കെടുത്തു. പരാതിക്കാരിയുടെ 2020 ലെ അപേക്ഷ തെരഞ്ഞ് കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ലെന്ന് അവർ അറിയിച്ചു. ഐ എൽ ജി എം എസ് നിലവിൽ വരുന്നതിന് മുമ്പുള്ള പെർമിറ്റ് ആവശ്യമില്ലാത്ത ചെറിയ വീട് നിർമ്മാണത്തിനുള്ള അപേക്ഷ ആയതിനാൽ നേരിട്ട് സമർപ്പിച്ച അപേക്ഷ ഫയൽ കണ്ടെത്താൻ കഴിയാത്തതെന്നും അറിയിച്ചു. ആയതിനാൽ 4-1-20ന് സമർപ്പിച്ച രേഖകളുടെ പകർപ്പ് പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരന് കത്ത് നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. രേഖകൾ സമർപ്പിക്കുന്ന മുറക്ക് എത്രയും വേഗം പരമാവധി 15 ദിവസത്തിനകം ചട്ടങ്ങൾ പാലിച്ച് അപേക്ഷകന് വീട് നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിക്ക് ഇടക്കാല നിർദ്ദേശം നൽകിയും തീരുമാനിച്ചു.

പരാതി 2

ശശിധരൻ 6238290545/8848310789

കുറ്റിപ്പുറം ഗ്രാമപ്പഞ്ചായത്ത് വാർഡ് 13 ൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് വീട് പണി പൂർത്തീകരിച്ച് 1/12/22ന് നമ്പർ അനുവദിക്കുന്നതിന് ഫയൽ നൽകിയത് ആണ്. നാളിതുവരെ നമ്പർ അനുവദിച്ചു കിട്ടിയിട്ടില്ല എന്നാണ് പരാതി. അദാലത്തിൽ പരാതി ലഭിച്ചതിനെ തുടർന്ന് ഫയൽ തെരഞ്ഞ് കണ്ടെത്തുകയും ഓവർസീർ ശ്രീ. ജീസൺ ഷാജു 18-9-24ന് സൈറ്റ് പരിശോധിച്ച് താഴെ ചേർത്ത പ്രകാരം റിപ്പോർട്ട് ചെയ്തതായി കാണുന്നു.

The site inspected on 18/9/24. The area comes to 79.40m2 regalerised area.
Existing area is 215.82m2. The residential building is forwarded for ocupancy appoval.

ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21582 രൂപ ( Fee for Building Regularisation ) സെക്ഷൻ ക്ലാർക്ക് ഡിമാന്റ് ചെയ്യുകയും സെക്രട്ടറി അത് അപ്രൂവ് ചെയ്തതായും കാണുന്നു.

പരാതിക്കാരനെയും എൽ ബി എസ് നെയും ടെലഫോൺ വഴി ബന്ധപ്പെട്ടു. ലൈഫ് ഭവന പദ്ധതി വഴി ധനസഹായം ലഭിച്ച് നിർമ്മിച്ച വീട് ആണെന്ന് പരാതിക്കാരൻ അറിയിച്ചു.

അത്തരം ഒരു വീടിന് 21581 രൂപ ക്രമവൽക്കരണ ഫീസ് ചുമതത്തിയതിൽ ഗുരുതരമായ വിഴ്ച ഓവർസീയറുടെയും സെക്ഷൻ ക്ലാർക്കിന്റെയും ഭാഗത്ത്നിന്നും ഉണ്ടായതായി അദാലത്ത് സമിതി വിലയിരുത്തി. ലൈഫ് ഭവന പദ്ധതി ധനസഹായത്താൽ നിർമ്മിച്ച വീടിന് യഥാർത്ഥത്തിൽ 79m 2 ആണ് വിസ്തൃതി എന്ന് കാണുന്നു. എൽ ബി എസ് തയ്യാറാക്കി സമർപ്പിച്ച പ്ലാനിലും കാര്യമായ തെറ്റുകൾ ഉണ്ടെന്ന് കാണുന്നു. ആയതിനാൽ ഈ ഫയലിൽ വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് സെക്രട്ടറിക്ക് ഇടക്കാല നിർദ്ദേശം നൽകി തീരുമാനിച്ചു.

പരാതി 3

മുഹമ്മദ് റാഫി, വള്ളിയിൽ വളപ്പിൽ, മൂടാൽ

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ് 7ൽ നിർമ്മിച്ച പുതിയ വീടിന് നമ്പർ അനുവദിക്കുന്നതിന് 4/5/24 ന് 2588 നമ്പർ ഫയൽ സബ്മിറ്റ് ചെയ്തിരുന്നു. നാളിതുവരെ നമ്പർ അനുവദിച്ചു കിട്ടിയില്ല എന്നാണ് പരാതി. പരാതിക്കാരന്റെ അപേക്ഷയിൽ നടപടി സ്വീകരിച്ച് കെട്ടിട ക്രമ വൽക്കരണ ഫീസ് ആയി 25863 രൂപ ഡിമാന്റ് ചെയ്തതായി സെക്രട്ടറി അറിയിച്ചു. ഡിമാന്റ് നോട്ടീസ് പരാതിക്കാരന് അയച്ച് നൽകുന്നതിനും ഫീസ് അടക്കുന്ന മുറക്ക് നികുതി അസ്സസ്സ് ചെയ്ത് ഈടാക്കി കെട്ടിട നമ്പർ അനുവദിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

പരാതി 4

ഹുസൈൻ, വാളറതൊടി

കുറ്റിപ്പുറം പഞ്ചായത്തിൽ 26-11-2022ന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതാണ്. ഇതുവരെ യാതൊരു അറിയിപ്പും ഉണ്ടായിട്ടില്ല. ഇപ്പോൾ അന്വേഷിക്കുമ്പോൾ ഫയൽ കാണാനില്ല എന്ന മറുപടിയാണ് നൽകുന്നത്. ആയതിനാൽ ഇതിനൊരു പരിഹാരം കാണണം എന്നാണ് അപേക്ഷ. പരാതിക്കാനെ (ഹുസൈൻ ഭാര്യ) ടെലഫോണിൽ ബന്ധപ്പെട്ടു. പഞ്ചായത്തിൽനിന്നും ലഭിച്ച പെർമിറ്റ് പ്രകാരം നിർമ്മിച്ച വീടിന് കെട്ടിട നമ്പർ ലഭിക്കുന്നതിന് രണ്ട് വർഷം മുമ്പ് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച് പലതവണ ഓഫീസ് കയറി ഇറങ്ങിയെങ്കിലും നമ്പർ കിട്ടിയില്ല എന്നും ഇപ്പോൾ അന്വേഷിക്കുമ്പോൾ ഫയൽ കാണാനില്ല എന്നും പറഞ്ഞ് മടക്കുകയാണെന്നും അറിയിച്ചു. രണ്ട് ദിവസം മുമ്പ് പഞ്ചായത്തിൽനിന്നും ആളുകൾ വന്ന് കെട്ടിടം പരിശോധിക്കുകയും പുതുതായി നിർമ്മിക്കുന്ന അടുക്കളക്ക് പെർമിറ്റ് എടുത്തിട്ടില്ലെന്നും പറഞ്ഞ് പോയി എന്നും അറിയിച്ചു. കെട്ടിട നമ്പറിന് വേണ്ടി 2 കൊല്ലം മുമ്പ് അപേക്ഷിച്ച് അത് കിട്ടാതെ ഇരിക്കുകയാണെന്നും ഒരു ബാത്ത് റൂമും ചെറിയ അടുക്കളയും പുറത്ത് നിർമ്മിക്കുന്നതിന് തറയിട്ടത് കണ്ടാണ് അതിന് പെർമിറ്റ് എടുത്തിട്ടില്ലെന്ന് പറഞ്ഞ് പഞ്ചായത്തിൽനിന്നും വന്നവർമടങ്ങിയതെന്നും അറിയിച്ചു.

26-11-22ന് കുറ്റിപ്പുറം പഞ്ചായത്തിൽ സമർപ്പിച്ച കംപ്ലീഷൻ പ്ലാനും അപേക്ഷയും പഞ്ചായത്ത് അധികൃതർ പരിശോധിക്കുകയൊ നടപടി സ്വീകരിക്കുകയൊ ചെയ്തതായി കാണുന്നില്ല. അദാലത്തിൽ പരാതി സമർച്ചതിനെ തുടർന്ന് ശ്രീ. ഹുസൈന്റെ 26-11-22ലെ അപേക്ഷ തെരഞ്ഞ് കണ്ടെത്തുകയും സൈറ്റ് ഇൻസ്പെക്ഷന് വേണ്ടി ഫയൽ ഓവർസീയർക്ക് കൈമാറിയെന്നും ഓവർസീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ജൂനിയർ സൂപ്രണ്ട് അറിയിച്ചു. അധിക നിർമ്മാണം (അടുക്കളക്കും ബാത്ത് റൂമിനും വേണ്ടി തറയിട്ടത്) സൈറ്റിൽ ഉള്ളതായി ഓവർസീയർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് അത് ക്രമവൽക്കരിക്കുന്നതിന് പുതുക്കിയ പ്ലാൻ സമർപ്പിക്കുന്നതിന് പരാതിക്കാരന് കത്ത് നൽകിയതായും ജൂനിയർ സൂപ്രണ്ട് അറിയിച്ചു.

26-11-22ന് നൽകിയ അപേക്ഷയിൽ നടപടി സ്വീകരിക്കാത്ത ആ കാലയളവിലെ ജീവനക്കാരുടെ പേര് വിവരം സെക്രട്ടറി അദാലത്ത് സമിതിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. പുതുക്കിയ പ്ലാനും അപേക്ഷയും സമർപ്പിക്കുന്ന മുറക്ക് ആയതിൽ

സമയ ബന്ധിതമായി നടപടി സ്വീകരിച്ച് പരാതിക്കാരന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

അദാലത്ത് തീരുമാനങ്ങൾ അതിന്റെ പ്രധാന്യത്തോടെ നടപ്പാക്കുന്നതിന് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അദാലത്ത് തീരുമനങ്ങൾ നടപ്പിലാക്കാത്ത സെക്രട്ടറിമാരുടെയും അപേക്ഷകളിൽ തീരുമനമെടുക്കാതെ അനന്തമായി നീട്ടികൊണ്ടുകൊണ്ടുപോകുന്ന സെക്രട്ടറി, അസി. എഞ്ചിയർ മറ്റു ജീവനക്കാർ എന്നിവരുടെയും പേര് വിവരം റിപ്പോർട്ട് ചെയ്യുന്നതിനും ബഹു. പ്രിൻസിപ്പൽ ഡയറക്ർ നിർദ്ദേശിച്ചിട്ടുണ്ടെന്ന് കൺവീനർ അറിയിച്ചു.

അദാലത്ത് മീറ്റിംഗ് 4.30 പി എം മണിക്ക് അവസാനിച്ചു.

മലപ്പുറം ഉപജില്ലാ സമിതി -2 ന് വേണ്ടി,

1. ശ്രീ. ഖാലിദ് പി കെ, ഇന്റേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ്)
2. ശ്രീമതി. റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ്)

//ശരിപ്പകർപ്പ് //

ഖാലിദ് പി കെ, ഇന്റേണൽ വിജിലൻസ് ഓഫീസർ

**Signed by Khalid P K**
**Date: 05-10-2024 12:32:34**